സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

March 2025
Vol. 1 Issue 3 pages 76-81

പാലൈ
PALAI பாலை
ISSN No: 3049-0316

# ആത്മസംഘർഷങ്ങളുടെ എഴുത്തുകാരൻ



ഡോ. ഫാ. ജോബി ജേക്കബ് *

**സംഗ്രഹം**

എം.ടി. വാസുദേവൻനായരുടെ കഥാപാത്രങ്ങൾ സ്വകാര്യതയിലും കുടുംബത്തിലും സമൂഹത്തിലും അനുഭവിക്കുന്ന വ്യാകുലങ്ങളും ഒറ്റപ്പെടലുകളും ഏറെ ചർച്ചചെയ്യപ്പെടുന്ന ഒന്നാണ്. മാറുന്ന കാലത്ത് മാറാൻ വിസമ്മതിക്കുന്ന സാധുമനുഷ്യരുടെ വേദനയാണത്. മാനവ സമൂഹത്തിൽ മാറാൻ ക്ലേശിക്കുന്ന അനേകരുണ്ട്. യഥാർത്ഥത്തിൽ ഈ മനക്ലേശമാണ് എം.ടിയുടെ രചനകളുടെ ജീവനായ സംഘർഷഭാവം. എഴുത്തിന്റെ തന്ത്രങ്ങളെക്കുറിച്ചും ഉള്ളടക്കത്തെക്കുറിച്ചുമുള്ള എം.ടിയുടെ നിലപാടുകളും സ്വത്വം തേടുന്ന കഥാപാത്രങ്ങളെ സൃഷ്ടിച്ച എം.ടിയുടെ ആത്മസംഘർഷങ്ങളും അപഗ്രഥിക്കുന്നുണ്ട് ഈ പഠനത്തിൽ.

**താക്കോൽ വാക്കുകൾ:** നിർവ്യക്തിപരത: ആധുനികതാപ്രസ്ഥനത്തിന്റെ ഭാഗമായ ഒരു സങ്കൽപം, സ്വയം നിരാകരിക്കൽ - മനുഷ്യത്വരഹിതവൽക്കരണം: ജോസ് ഓർട്ടേഗ വൈഗാസെറ്റിന്റെ ദർശനം, കലയിൽ നിന്ന് മനുഷ്യഘടകങ്ങളെ നീക്കം ചെയ്യൽ - സംക്രമണ കാലരചനകൾ: സാഹിത്യ ചരിത്രഘട്ടങ്ങളുടെ അതിരുകൾ കടന്നുനില്ക്കുന്ന രചനകൾ.

എം.ടി. എഴുതിയതിനേക്കാൾ എം.ടി.യെക്കുറിച്ച് എഴുതപ്പെട്ടിട്ടുണ്ട്. എം.ടി.യെ വായിച്ചവരൊക്കെ അദ്ദേഹത്തെക്കുറിച്ചുകൂടി ഗാഢമായി ചിന്തിച്ചിട്ടുണ്ട്. എം.ടി. തന്റെ മനസിൽ സൃഷ്ടിച്ച കഥാപാത്രങ്ങളെല്ലാം എം.ടി.യെക്കുറിച്ചുള്ള ചിന്തകളും നമ്മിൽ കൊണ്ടുവരുന്നു. മലയാളിയുടെ സാമൂഹിക ജീവിതത്തിലെ മാറ്റങ്ങളും അവ ഉളവാക്കിയ പ്രശ്നങ്ങളും മാറ്റങ്ങളോട് ഈർഷ്യ പുലർത്തിയ കഥാപാത്രങ്ങളുടെ ഏകാന്ത ദുഃഖങ്ങളും അവ സൃഷ്ടിച്ച അസ്വസ്ഥതകളും നിറഞ്ഞ രചനാലോകമാണ് എം.ടി.യുടേത്. അദ്ദേഹത്തിന്റെ ആത്മവത്തയുടെ പ്രകാശനങ്ങൾക്കൂടിയാണ് ആ രചനാലോകം. എഴുത്തിനെക്കുറിച്ചുള്ള ഏറ്റുപറച്ചിലുകളിൽ പുലർത്തുന്ന വിനയഭാവം ജ്ഞാനപീഠജേതാവിന്റെ ഹൃദയശുദ്ധിയുടെ സാക്ഷ്യമാണ്. നരജീവിതമായ വേദനയുടെ ആവിഷ്കാരങ്ങൾ നടത്തുമ്പോൾ എം.ടി.യുടെ രചനകളിൽ റിയലിസവും ആധുനികതയും അന്യോന്യം ലയിച്ചുകിടക്കുന്നുവെന്നു പറയാം. എല്ലാക്കാലത്തും മനുഷ്യമനസ്

* ഡോ. ഫാ. ജോബി ജേക്കബ് അസി. പ്രൊഫസർ, നിർമലഗിരി കോളേജ് കൂത്തുപറമ്പ്

ISSN No: 3049-0316


അനുഭവിക്കുന്ന ആന്തരിക സംഘർഷങ്ങളെ പ്രതിഫലിപ്പിക്കുന്നതിനാൽ കാലാതിവർത്തികളായി ആ കൃതികൾ വായിക്കപ്പെടുമെന്ന് കരുതാം.

**എഴുത്തിനെക്കുറിച്ച് എഴുതുന്ന എം.ടി.**

എഴുത്തിനെക്കുറിച്ച് നിരന്തരം എഴുതുകയും പറയുകയും ചെയ്ത എഴുത്തുകാരനായിരുന്നു എം.ടി. സിദ്ധിയും സാധനയുമായി എഴുത്തിൽ മുഴുകി ജീവിച്ച അദ്ദേഹം നോവലുകളും കഥകളും തിരക്കഥകളും രചിക്കുന്നതിനിടയിലെല്ലാം എഴുത്ത് എന്ന മഹാപ്രതിഭാസത്തെക്കുറിച്ച് നിരന്തരധ്യാനത്തിലുമായിരുന്നു. എഴുതാതെവയ്യ, എഴുത്തു മാത്രമാണ് തന്റെ നിയോഗമെന്ന ചിന്തയിൽ ജീവിച്ചു കടന്നുപോവുകയായിരുന്നു എം.ടി.

തിരൂർ തുഞ്ചൻ പറമ്പിൽ നടന്ന 'എഴുത്തുപുര' സാഹിത്യക്യാമ്പിന്റെ ഉദ്ഘാടനച്ചടങ്ങിൽ രചനയുടെ പണിപ്പുരയിലെ തനതനുഭവങ്ങളുടെ വിവരണം അദ്ദേഹം പറഞ്ഞിട്ടുള്ളത് ഇപ്രകാരമാണ്:, "എഴുത്ത് ഒട്ടും സുഖമുള്ള കാര്യമല്ല. വെട്ടുന്നു, തിരുത്തുന്നു, കളയുന്നു, വീണ്ടുമെഴുതുന്നു. എഴുത്ത് ഒരു മെറ്റഫർ ആണ്. മഴക്കാലത്ത് കടലാസുതോണിയുണ്ടാക്കി ഒഴുക്കിവിടുന്നതുപോലെയാണ് അത്. ചിലത് കുറേ ദൂരം ഒഴുകും. ചിലത് പെട്ടെന്ന് വെള്ളത്തിൽ മുങ്ങിപ്പോകും. ലോകത്ത് പല പുസ്തകങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, ഒരു കഥ എങ്ങനെ എഴുതാം എന്നൊരു പുസ്തകം ഇതുവരെ വന്നിട്ടില്ല. എഴുതാൻ ആയിരക്കണക്കിനു വഴിയുണ്ട്. അതിലൂടെ വീണ്ടും പോവുകയല്ല വേണ്ടത്. നമ്മുടേതായ വഴി തുടർച്ചയായ ശ്രമങ്ങളിലൂടെ കണ്ടെത്തണം. എഴുത്തും തീർത്ഥാടനവും ഒരുപോലെയാണ്. രണ്ടിനും നിയതമായ മാർഗമില്ല. തുടർച്ചയായ ശ്രമങ്ങളിലൂടെ നമ്മൾ മറ്റാരും ഉപയോഗിച്ചിട്ടില്ലാത്ത ഒരു പാത വെട്ടിത്തെളിക്കണം'. (ഭാഷാപോഷിണി, ജനുവരി 2025, പുറം8).

എഴുത്തിനെ ഒരു ഹോബിയായല്ല, ആത്മാവിന്റെ വേദനയായാണ് എം.ടി കണ്ടത്. കൃത്യമായ ഒരു ലക്ഷ്യവും ശരണവുമുണ്ട് അദ്ദേഹത്തിന്റെ രചനാ നിമിഷങ്ങൾക്ക്. വാഗർത്ഥങ്ങൾക്കപ്പുറത്തുള്ള ഒരു തലം ഉന്നം കണ്ടുകൊണ്ടുള്ള അന്വേഷമാണിത്. എഴുത്തിന്റെ ആത്മാവാണിത്. ഇതാണ് സത്യത്തിന്റെ നിമിഷം. ഞാൻ ജീവിച്ചിരിക്കുന്നുവെന്ന ബോധ്യപ്പെടുത്തലാണ് എഴുത്ത്.

ഏഴു ദശാബ്ദങ്ങളിലധികം ദീർഘിക്കുകയും രാജ്യാന്തരങ്ങളിൽ സഹൃദയരെ സമ്പാദിക്കുകയും നാടും സംസ്കൃതിയും നല്കിയ മികച്ച പുരസ്കാരങ്ങളെല്ലാം കൈവശപ്പെടുത്തുകയും ചെയ്ത എം.ടി തന്റെ രചനാനിമിഷങ്ങളെക്കുറിച്ചു പറയുന്ന ഒരു കാര്യമുണ്ട്. യഥാർത്ഥ ജ്ഞാനിയുടെ വാക്കുകളാണവ. എല്ലാം അറിയാം എന്നു വീരസ്യം പറയുന്നവനല്ല, എനിക്കൊന്നും അറിഞ്ഞുകൂടാ എന്നു വിതുമ്പുന്നവനാണ് യഥാർത്ഥ ജ്ഞാനിയെന്ന സത്യത്തിന്റെ വിളംബരമായി എം.ടിയുടെ വാക്കുകളെ സ്വീകരിക്കാം ""പത്താം ക്ലാസ് പരീക്ഷ എഴുതാനിരിക്കുന്ന കുട്ടിയുടെ ഉത്കണ്ഠയോടെയാണ് ഞാനിപ്പോഴും എഴുതുന്നത്. ശരിയായി എന്നു തോന്നുമ്പോഴാണ് പരിഭ്രമം ആശ്വാസമായി മാറുന്നത്." (ഭാഷാപോഷിണി, ജനുവരി 2025 പുറം 9). താനെന്തോ വലിയ സംഭവമാണെന്നു ചിന്തിക്കുന്ന അനേകം എഴുത്തുകാരും കലാപ്രവർത്തകരും അടക്കി വാഴുന്ന സമൂഹത്തിൽ പരിഭ്രമത്തോടെയും ആശങ്കയോടെയും എഴുതാനിരിക്കുന്നുവെന്ന് പറയുന്ന ജ്ഞാനപീഠം ജേതാവിനെ എങ്ങനെ വിലയിരുത്തണം? Grandiosity അഥവാ Delusions of Grandeur എന്നു വിളിക്കപ്പെടാവുന്ന മാനസികാവസ്ഥയുള്ള ധാരാളം പേർ വിവിധ ജീവിതതുറകളിൽ ആത്മപ്രകാശനം നടത്തുമ്പോൾ എം.ടിയുടെ മനോഭാവം ഒരത്ഭുതമായിത്തന്നെ കാണണം. രചനാവൈദഗ്ധ്യത്തിലുള്ള ആഴമായ അവഗാഹം അദ്ദേഹത്തെ രചനയുടെ "പെരുന്തച്ചൻഭാവ'ത്തിലേക്ക് നയിച്ചില്ല. അധികം കാര്യങ്ങൾ ഇനിയും ഗ്രഹിക്കാനുണ്ട് എന്ന അവബോധത്തിലാണ് അദ്ദേഹം വ്യാപരിച്ചത്. വീതുളിയുമായി എഴുത്തിന്റെ മേൽക്കൂരയ്ക്കു മുകളില് സർവ്വജ്ഞഭാവത്തിൽ ആരൂഢനാകാൻ പോന്ന മാനസികാവസ്ഥയിലേക്ക്എം.ടി ക്ക് മാറാനാവില്ലതന്നെ.

"പരസ്യപ്പലകളുടെ സഹായത്തോടെ ചെയ്യുന്ന ഒരു തൊഴിലല്ലല്ലോ എഴുത്തുകാരന്റേത്. എഞ്ചിനീയറെയും ഡോക്ടറെയും വക്കീലിനെയും പോലെ ഒരു ബോർഡുവച്ചു ചെയ്യാവുന്ന ജോലിയല്ല. ഒരു വ്യക്തി തന്റെ ചെറിയ ഏകാന്ത ലോകത്തിലിരുന്ന് എന്തോ ചിലതു സൃഷ്ടിക്കാൻ ശ്രമിക്കുന്നു. തെറ്റുകൾ പറ്റുന്നു. വീണ്ടും ശ്രമിക്കുന്നു. ഒരിക്കലും എത്തിച്ചേരില്ലെന്ന് അയാൾക്കുതന്നെ ബോധ്യമുള്ള പൂർണത

 ISSN No: 3049-0316


എന്ന മരീചിക കീഴടക്കാൻ നിരന്തരമായി അദ്ധ്വാനിക്കുന്നു." (എം.ടി., കാഥികന്റെ കല, കറന്റ് ബുക്സ്, തൃശ്ശൂർ, 1984 പുറം 10-- 11)

## അവസ്ഥാന്തരങ്ങളുടെ സംഘർഷസ്ഥലിക

നാലുകെട്ടിന്റെ തകർച്ച കഴിഞ്ഞുപോയ കാലത്തിന്റെയും ലോകത്തിന്റെയും പ്രതാപത്തകർച്ചയാണ്. തകർച്ചയുടെ ഓർമകളിലെ നൊമ്പരങ്ങൾ കേരളസമൂഹത്തിന്റെ ആധുനീകരണപ്രക്രിയയുടെ ഈറ്റുനോവാണ്. പാരമ്പര്യത്തിന്റെ ആർദ്രതയും നവീനതയുടെ യുക്തിയും തമ്മിലുള്ള സംഘർഷമാണ് എം.ടിയുടെ കൃതികളുടെ പൊതുവായ ഭാവമണ്ഡലം എന്നു നിരീക്ഷിക്കാം. കാറ്റും വെളിച്ചവും കടക്കുന്ന ഒരു ചെറിയ വീടുകൊണ്ട് നാലുകെട്ടിന് സ്ഥനഭ്രഷ്ടു നല്കാൻ നിശ്ചയിക്കുന്ന മനസ് അവ്വിധം പാകപ്പെടാൻ കൊടുത്ത മനോവ്യഥയുടെ വിലയാണ് ഈ ഭാവമണ്ഡലത്തിന്റെ സൗന്ദര്യം. പകലും ഇരുട്ടുനിറഞ്ഞ ആ ഭൂതകാലം വിട്ടുപോരാൻ അത്രയ്ക്ക് വിഷമമുണ്ടെന്ന് നമുക്കു ബോധ്യപ്പെടുന്നു. ഭഗവതി പ്രതിഷ്ഠകൾ ഇളക്കിമാറ്റുന്ന വിശുദ്ധ ദുഃഖത്തിന്റെ തേങ്ങലുകൾ ഉയർത്തിക്കൊണ്ടാണ് വെളിച്ചത്തിന്റെ യുഗത്തിലേക്ക് മനുഷ്യർ പ്രവേശിക്കുന്നത്.

കാലം മാറുന്നതിന്റെയും സ്ഥിതിഗതികൾ വ്യത്യസ്തമാകുന്നതിന്റെയും സമ്മർദ്ദങ്ങൾ താങ്ങാൻ ക്ലേശിക്കുന്ന ധാരാളം കഥാപാത്രങ്ങൾ എം.ടി.ക്കുണ്ട്. മകനെ ക്രൂരമായി മർദ്ദിച്ച ശേഷം കിതപ്പോടെ പെരുന്തച്ചൻ ഉയർത്തുന്ന ചോദ്യം- ""നീയാര്? സമൂതിക്ക് ഭാഷ്യം ചമയ്ക്കാൻ നീയാര്? പുതിയ മനുവോ, പുഷ്യമിത്രനോ അതോ കല്ലുകഭട്ടനോ?" (പെരുന്തച്ചൻ, പുസ്തക പബ്ലിക്കേഷൻസ്, തൃശ്ശൂർ, 1992, പുറം 117). തലമുറമാറ്റമോ സാമൂഹിക പരിവർത്തനമോ മനുഷ്യബന്ധങ്ങളിലെ ഭാവാത്മക പുരോഗതിയോ ഉൾക്കൊള്ളാൻ പറ്റാത്ത മനുഷ്യന്റെ ക്രൂരപ്രതികരണമാണിത്. ഒരിക്കൽ നഷ്ടമായ നാലുകെട്ട് പണംകൊടുത്തു സ്വന്തമാക്കിയതിനുശേഷം അതുപൊളിക്കാൻ അപ്പുണ്ണി തീരുമാനിക്കുമ്പോൾ വ്യസനിക്കുന്ന വലിയമ്മാമയെന്ന വൃദ്ധന്റെ ചിത്രം മറ്റൊരു ഉദാഹരണമാണ്. മരുമക്കത്തായ- - മക്കത്തായ സംക്രമണകാലത്തിന്റെ പരിസരത്ത് സ്ഥലജലവിഭ്രാന്തിയിൽ കഴിയുന്ന ആളുകളെ കേരള സമൂഹചരിത്രത്തിൽ ധാരാളം കണ്ടെത്താൻ കഴിയുമായിരുന്നു. നിയമം മാറിയ വേഗത്തിൽ ആചാരങ്ങളും ശീലങ്ങളും പതിവുകളും മാറിയില്ല.

പഴയവ്യവസ്ഥ മാറി പുതിയ വ്യവസ്ഥ രൂപപ്പെടുന്ന കാലയളവിലെ അവ്യവസ്ഥയ്ക്ക് ഇരപ്പെടുന്ന അനേകരുടെ വിഹ്വലതകൾ പലപ്പോഴും അങ്ങേയറ്റം പരിതാപകരമാകാറുണ്ട്. നഷ്ടമായ കാലത്തെക്കുറിച്ചുള്ള പരിഭവങ്ങൾ വ്യക്തികളെ എപ്രകാരമെല്ലാം ഉലയ്ക്കുന്നുവെന്ന് വ്യക്തമാക്കുന്ന നോവലാണ് അസുരവിത്ത്. തലമുറകളുടെയും കുടുംബബന്ധങ്ങളുടെയും സാമ്പത്തികാവസ്ഥകളുടെയും മാറ്റങ്ങൾക്കിടയിൽ പതറുകയും പരിഭ്രാന്തപ്പെടുകയും ചെയ്യുന്ന വ്യക്തികളുടെ ഉദ്വേഗങ്ങളാണ് സംക്രമണകാല രചനകളുടെ ജീവൻ. ""ഞാനൊരു കഷണം കയറു ചെലവാക്ക്വല്ലേ ഭേദം കുട്ട്യേട്ടാ" (അസുരവിത്ത്) എന്നു ചോദിക്കുന്ന ഗോവിന്ദൻ കുട്ടിയുടെ മുഖഭാവം ഇതാണ് സൂചിപ്പിക്കുന്നത്. ജനയിതാവും സംരക്ഷകനും ഒരാളാകുന്ന മക്കത്തായ വ്യവസ്ഥയിലേക്ക് സംക്രമിച്ചെത്താൻ വെമ്പുന്ന സാമൂഹിക കാലാവസ്ഥയുടെ പൊള്ളലേല്ക്കുന്ന കഥാപാത്രങ്ങൾ ഇനിയുമുണ്ട്.

"തമ്പുരാൻകുട്ടി'യായി കഴിയാതെ ചെറുമക്കളെ (ചേറുമക്കളാണ് ചെറുമക്കളായി മാറിയത്) പ്പോലെ മണ്ണിൽ പണിയെടുക്കാൻ ഗോവിന്ദൻകുട്ടിക്ക് കഴിഞ്ഞത് അയാളിലെ നൈസർഗിക നന്മകൾക്കൊണ്ടായിരുന്നു. മാറാത്ത കാലത്ത് മാറാനുള്ള ആർജവം അയാൾ കാണിച്ചു. അമ്പലപ്പറമ്പിലെ ഉത്സവക്കാഴ്ചപോലെ ഹൃദ്യവും ആഘോഷപൂർവ്വവും സുകൃതഭരവുമായി ഞാറുനടലിനെ കാണാൻ അയാൾക്കു കഴിഞ്ഞു. പകരം വീട്ടലിന്റെയും ഒറ്റപ്പെടലിന്റെയും സങ്കീർണതകളിൽ തുടങ്ങി ഉപബോധമനസിന്റെ സ്വപ്നസാക്ഷാത്കാരത്തിൽ പരിണമിക്കുന്ന മനോവികാരങ്ങളുടെ സൃഷ്ടിയായ മതപരിവര്ത്തനവും മതപരിവര്ത്തനത്തിന്റെ വ്യർത്ഥത തിരിച്ചറിയുമ്പോഴത്തെ മാനവികതയിലേക്കുള്ള മടക്കവും വിശ്വസനീയമായി അവതരിപ്പിച്ചശേഷമാണ് എം.ടി അസുരവിത്ത് പര്യവസാനിപ്പിക്കുന്നത്". (ഡോ. എം.ജി ശശിഭൂഷണ്, "അസുരവിത്ത്', പ്രൊഫ. പന്മന രാമചന്ദ്രൻ നായർ, നോവൽ പഠനങ്ങള്, പി.കെ പരമേശ്വരൻ നായർ മെമ്മോറിയൽ ട്രസ്റ്റ്, കറന്റ് ബുക്സ്, കോട്ടയം 2004, പുറം 88).

നിരന്തരമായ സ്വത്വാന്വേഷണത്തിൽ ഏർപ്പെടുന്ന കഥാപാത്രങ്ങളുടെ ധാരാളിത്തമാണ് എം.ടിയുടെ രചനകളുടെ ഒരു പ്രധാന സവിശേഷത. സ്വത്വം തേടലിന്റെ സങ്കീർണതകളും വിമ്മിട്ടങ്ങളും പ്രതിബന്ധങ്ങളുമാണ് ആ രചനാലോകത്തിന്റെ ഭാവതീവ്രതകളെ നിശ്ചയിക്കുന്നത്. മാറുന്ന ജീവിതസാഹചര്യങ്ങൾ, സാമൂഹിക മാറ്റങ്ങൾ, സാംസ്കാരികസ്വാധീനങ്ങൾ,

ഈടുറ്റവയെന്ന കരുതിപ്പോന്നവയുടെയും ഈടുവയ്പ്പുകളുടെയും നഷ്ടമാകൽ തുടങ്ങിയ അനേകം കാരണങ്ങൾ വ്യക്തിയുടെ ജീവിതത്തിലുണ്ടാക്കുന്ന അലോസരങ്ങളുടെ തുടർച്ചയാണ് ഈ സ്വത്വാന്വേഷണം. അപലപനീയമായ നിസംഗതയോ ആക്രമണപരമായ പുറപ്പെടലുകളോ സാത്വികമായ അന്വേഷണങ്ങളോ കൊണ്ടാണ് ഈ സ്വത്വംനേടൽ നടക്കുന്നത്.

ചലിക്കുന്ന ലോകത്തിൽ ചലിക്കാതെ കഴിയാൻ ശ്രമിക്കുന്ന കുറേ മനുഷ്യരുണ്ട്. വ്യവസ്ഥിതികളുടെ അവസ്ഥാന്തരം അവരെ അസ്വസ്ഥരാക്കുമ്പോഴും അവ വിട്ടുപോകാൻ അവർ മടിക്കും. ധീരമായി മുന്നേറാൻ വേണ്ടി ചുറ്റുപാടുകളോട് കലഹിക്കുന്ന ആളുകളോട് അവർ പിണക്കം പാലിക്കും. അതേസമയം അവഗണിക്കപ്പെട്ടു നിർവീര്യരാക്കപ്പെട്ടു കഴിയേണ്ടി വന്ന കുറേപ്പേർ വിജയിക്കാനും മുന്നേറാനും അസ്തിത്വം തെളിയിക്കാനും ഉത്സാഹിക്കുന്ന ധാരാളം സന്ദർഭങ്ങള് എം.ടിയുടെ രചനകളിലുണ്ട്. ഭീമൻ എന്ന ഇതിഹാസകഥാപാത്രത്തെ ഈ നിലയ്ക്കാണ് 'രണ്ടാമൂഴം' അവതരിപ്പിക്കുന്നത്. അർജ്ജുനനും ധർമപുത്രനും വേണ്ടി മഹത്തുക്കളായ ജനയിതാക്കളെ സംഘടിപ്പിച്ച കുന്തീദേവി ഭീമന്റെ പിതൃത്വത്തെക്കുറിച്ച് പറയുന്നത് കേട്ടാൽ ഭയമോ ജുഗുപ്സയോ തോന്നും നമുക്ക്. " കൊടും കാട്ടിൽനിന്ന് അദ്ദേഹം കയറിവന്നു. ചങ്ങലയഴിഞ്ഞ ചണ്ഡമാരുതനെപ്പോലെ, പേരറിയാത്ത ഒരു കാട്ടാളൻ." അധമബോധവും അപകർഷതയും കൊണ്ട് അസ്തിത്വത്തിന്റെ അടിവേരിനെ വെറുത്തുണക്കാൻ തോന്നിക്കുന്ന ജനകവൃത്താന്തത്തിന്റെ പൊള്ളലിലാണ് ഭീമൻ പിന്നീട് മുന്നേറിയത്. സാമൂഹിക ഉൽക്കർഷത്തിന് ഊർജ്ജവും പിന്തുണയും നല്കുന്ന സാഹചര്യങ്ങളായി കുടുംബത്തിലെയും സമൂഹത്തിലെയും ദുരിതാവസ്ഥകളെ കൈക്കൊള്ളുന്ന അനേകരുടെ നിരയിലാണ് ഭീമസേനനും നില്പുറപ്പിക്കുന്നത്.

### ആത്മസംഘർഷത്തിന്റെ എഴുത്തുകാരൻ

എഴുതുന്നതിലും എഴുതാതിരിക്കുന്നതിലും എഴുതിക്കഴിഞ്ഞു വേദനയനുഭവിക്കുന്നവരാണ് യഥാർത്ഥ എഴുത്തുകാരൻ. കാഥികന്റെ പണിപ്പുര എന്ന പുസ്തകത്തിൽ എഴുത്തുകാരുടെ ആത്മപീഡയെക്കുറിച്ച് എഴുതുമ്പോൾ അവ അങ്ങേയറ്റം തീവ്രമായി അനുഭവിച്ച് മുപ്പത്തിനാലാം വയസ്സിൽ ആത്മഹത്യചെയ്ത രാജലക്ഷ്മിയെ എം.ടി വൈകാരികമായി അനുസ്മരിക്കുന്നു. തന്റെ സമകാലികയായ ആ എഴുത്തുകാരിയുടെ സർഗപ്രപഞ്ചത്തിൽ വേദനയുടെയും നിരാശയുടെയും ആത്മനിന്ദയുടെയും ഇരുട്ടുവിതച്ച സമൂഹത്തെക്കുറിച്ച് അദ്ദേഹം തന്റെ ദുഃഖം പങ്കുവയ്ക്കുന്നു. 'ആത്മാവിന്റെ കല്ലറകളിലെ തടവുകാർ' എന്ന ആർദ്രമായ വിശേഷണമാണ് ഇത്തരം എഴുത്തുകാർക്ക് അദ്ദേഹം നല്കുന്നത്. എഴുത്തുകാരന്റെ ധർമസങ്കടങ്ങളെപ്പറ്റി, സാഹിത്യസൃഷ്ടിയുടെ പശ്ചാത്തലമായി വർത്തിക്കുന്ന മാനസികാസ്വാസ്ഥ്യത്തെപ്പറ്റി, സങ്കീർണമായ വേദനകളെപ്പറ്റി അനുഭാവപൂർവ്വം മനസിലാക്കാവുന്ന സമൂഹത്തിന്റെ ഒരു ഖണ്ഡം അവർക്കു തണൽ വിരിച്ചില്ല. ഇളംകാറ്റിനുകൂടി ഉലയ്ക്കാൻ കഴിയുന്ന ലോലമായ ഹൃദയമുള്ള ഒരു കലാകാരനോ കലാകാരിയോ അവസാനത്തെ അധ്യായം സ്വന്തം ജീവിതകൃതിയിലെഴുതിച്ചേർക്കാൻ ഇടവരുത്തുന്നതിൽ അവരുടെ ജീവിതപശ്ചാത്തലമായി വർത്തിച്ച സമൂഹത്തിന്റെ സഹതാപശൂന്യതയുണ്ട്" (എം.ടി, കാഥികന്റെ പണിപ്പുര, ഡി.സി. ബുക്സ്, 1963 പുറം 40).

തന്റെ ആത്മവത്തയാകുന്ന കണ്ണാടി സമൂഹത്തിന്റെ നേർക്കുപിടിച്ച് രചനയിൽ മുഴുകുന്നവരും പ്രപഞ്ചമാകുന്ന ദർപ്പണം തന്നിലേക്കു തിരിച്ചുപിടിക്കുന്നവരും എന്നിങ്ങനെ രണ്ടു തരം എഴുത്തുകാർ ഉണ്ടെന്ന് എം.ടി പറയുന്നു. ഏതായാലും ആത്മദുഃഖവും സമഷ്ടിദുഃഖവും ഒരു ബിന്ദുവിൽ മിളനം ചെയ്യുന്ന മുഹൂർത്തങ്ങളുടെ പ്രതിഫലനമാണ് ഓരോ രചനയും. മനുഷ്യരുടെ നോവുകളിലേക്കും ദുരിതങ്ങളിലേക്കും എത്തിനോക്കി രചന നിർവഹിക്കുന്ന എഴുത്തുകാരൻ അവരുടെ വേദന തന്നിലും തന്റെ വേദന അവരിലും കാണുന്നു. "ആഫ്രിക്ക'യിൽ എൻ.വി. കൃഷ്ണവാര്യർ എഴുതുന്നു:

 ISSN No: 3049-0316 

"എങ്ങുമനുഷ്യന ചങ്ങലകൈകളി-
ലങ്ങെൻ കൈയ്യുകൾ നൊന്തീടുകയാ –
ണെങ്ങോ മർദ്ദനമവിടെ പ്രഹരം
വീഴുവതെന്റെ പുറത്താകുന്നു."

ഭീമന്റെ സങ്കടവും മീനാക്ഷിയേടത്തിയുടെ നിരാശയും വേലായുധന്റെ ഭ്രാന്തും സേതുവിന്റെ ഒറ്റപ്പെടലും ഗോവിന്ദൻകുട്ടിയുടെ ജീവിത സമരവും വിമലയുടെ ഏകാന്തതയും അനേകം രചന കളിലെ 'അയാളുടെ' ചിന്തകളും തന്റെ ആത്മനൊമ്പരങ്ങളുടെ തനിപ്പകർപ്പുകളായാണ് എം.ടി ആവിഷ്കരിച്ചിരിക്കുന്നത്. സാക്ഷിയുടെ നിർവ്യക്തിപരതയല്ല, പങ്കാളിയുടെ ദുരന്താനുഭവപരതയാണ് എം.ടിയുടെ രചനകളുടെ പൊതുവായ പ്രത്യേകത. ആൾക്കൂട്ടത്തിന്റെയോ ബന്ധുജനത്തിന്റെയോ വ്യവസ്ഥിതികളുടെയോ ഇടയിൽ ശ്വസം മുട്ടുന്ന ഏകാകികളുടെ പ്രതിരോധവും നിസ്സഹായവസ്ഥയിലെ പിടച്ചിലുകളുമാണ് അവയുടെ പൊതുഭാവം.

ഇതുവരെയും ആർക്കും പൂർണമായും കടന്നു ചെല്ലാൻ കഴിയാത്ത മനുഷ്യമനസിന്റെ വൈചിത്ര്യങ്ങളും സങ്കീർണതകളുമാണ് സാഹിത്യരചനകൾക്ക് അപൂർവചാരുത നല്കുന്നത്. കഥാപാത്രങ്ങളുടെ ആന്തരികലോകത്തിന്റെ മഹാവൈചിത്ര്യങ്ങളിൽ ചിലതൊക്കെ വായനക്കാരുടെ മുമ്പിൽ തുറന്നു കാണിച്ചുകൊണ്ട് എം.ടി മാറിനില്കുന്നു. സാമൂഹ്യത്തകർച്ചയുടെ പശ്ചാത്തലത്തിൽ വ്യക്തിജീവിതത്തിന്റെ സങ്കടങ്ങളും നിരാശയും കൊണ്ട് ചലിക്കുന്ന മനുഷ്യരെ ചിത്രീകരിക്കാൻ അവരുടെ മനസുകളുടെ പാരായണം നടത്താൻ അദ്ദേഹത്തിന് അസാമാന്യവൈഭവമുണ്ട്.

സാഹിത്യകൃതികളെ അംഗീകൃതവും നിർവചിതവുമായ കാലഘട്ടങ്ങളുടെ അറകളിൽ അടുക്കിവച്ച് മുദ്രയിടുന്ന ശ്രമത്തിൽ എം.ടിയുടെ രചനകളെ ആധുനികതയുടെ അലമാരയില് വയ്ക്കാറില്ല. വ്യവസ്ഥാപിതമായ സകലതിനോടും, മൂല്യവത്താണെന്ന് ശഠിക്കുന്ന എല്ലാറ്റിനോടും കലഹിക്കുകയും വേർപിരിയുകയും ചെയ്ത ആധുനികത പക്ഷേ അരാജകത്വത്തെ വ്യവസ്ഥപ്പെടുത്തുന്ന രചനകളാൽ സമ്പന്നമായിരുന്നു. ഗാഢമായ ഒരു ജീവിതാവബോധവും നിലപാടുമായി പ്രത്യക്ഷപ്പെട്ട ഈ സാഹിത്യ ചരിത്രഘട്ടം സ്വയവും ചുറ്റു പാടുകളെയും ചോദ്യം ചെയ്യുകയും അവിശ്വസിക്കുകയും നിരാകരിക്കുകയും ചെയ്യുന്നതിൽ അവ്യാഖ്യേയമായ ഒരാനന്ദം കണ്ടെത്തി. നിർവ്യക്തിപരതയെ ഘടകമായി കരുതുന്ന ആധുനികതയോട് യോജിക്കുന്നതല്ല എംടിയുടെ കഥാപാത്രലോകം എന്ന പ്രത്യക്ഷത്തിൽതോന്നും. എന്നാൽ അവഹേളിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന അനേകം കഥാപാത്രങ്ങളിൽ സംഭവിക്കുന്നത് മേൽപ്പറഞ്ഞ നിർവ്യക്തീകരണം തന്നെയാണ്.

ആധുനികതയുടെ സൗന്ദര്യനിയമമെന്ന് വിശേഷിപ്പിക്കാവുന്ന Dehumanzation of art (കലയുടെ മനുഷ്യത്വരഹിതവൽക്കരണം) എം.ടിയുടെ കഥാപാത്രങ്ങൾ പുലർത്തുന്നുണ്ടോയെന്നുപോലും പരിശോധിക്കേണ്ടതാണ്. കാരണം, അവരിൽ പലരും അത്രമേൽ അപമാനവീകരിക്കപ്പെടുന്നു. കൂടാതെ ജീവിതത്തിന്റെ അർത്ഥശൂന്യതയും യുക്തിഹീനമായ സംഭവപരമ്പരകളും കൊണ്ട് അവരുടെ ലോകം ആധുനികതയുടെ പരിസരത്ത് പ്രസക്തി നേടുന്നു.

ആത്മസംഘർഷങ്ങളുടെ കഥപറയാൻവേണ്ടി മാത്രമാണ് എം.ടി എഴുത്തിലേർപ്പെടുന്നതെന്നു പറയാൻ പ്രേരിപ്പിക്കുന്ന ഉദാഹരണങ്ങൾ എത്ര വേണേലും നിരത്താവുന്നതാണ്. കാലദേശങ്ങളുടെ അവസ്ഥാന്തരങ്ങളെ തുറവിയോടെ സ്വീകരിക്കാൻ ക്ലേശിക്കുന്ന അപ്പുണ്ണിയുടെ ജീവിതത്തിലെ ധർമസംഘർഷങ്ങളും ദുഃസന്ധികളും വിവരണാതീതമാണ് (അസുരവിത്ത്). സേതുവിന്റെ സങ്കടജീവിതത്തിന്റെ കാരണങ്ങൾ അയാളിലാണോ കുടുംബത്തിലാണോ സമൂഹത്തിലാണോ കാലത്തിലാണോ തെരയേണ്ടതെന്ന ചോദ്യത്തിനുമുമ്പിൽ നമ്മളും പരിഭ്രമിക്കുന്നു. ഓർമകളും അനുഭവങ്ങളും ആയാളെ വലിഞ്ഞു മുറുക്കുന്നു (കാലം). തന്റെ ശക്തിദൗർബല്യങ്ങളുടെ നിരന്തര സമരത്തിൽ ഏകാകിയും ഖിന്നനുമായ ഭീമൻ ഐതിഹാസികമായ വ്യതിരിക്തതയിൽ അന്തഃകരണവ്യഥ അുഭവിക്കുന്നു (രണ്ടാമൂഴം). വിമലയുടെ ഏകാന്തത അവളിൽ നിരാശയായി ഉറഞ്ഞുകൂടുന്നില്ലെന്ന് കരുതാൻ എം.ടി ആഗ്രഹിക്കുന്നുവെങ്കിലും അവളുടെ കാത്തിരിപ്പ് സഫലമാകില്ലെന്ന് അവള്ക്കും വായനക്കാർക്കും അറിയാം (മഞ്ഞ്). വേലായുധന്റെ മാനസികസംഘർഷം അയാൾ സമൂഹത്തിൽ

നിന്ന് നേരിട്ട അവഹേളനത്തിന്റെയും ഒറ്റപ്പെടലിന്റെയും സ്വാഭാവിക പരിണിതിയാണ് (ഇരുട്ടിന്റെ ആത്മാവ്). മാംസനിബദ്ധമല്ലാത്തതെങ്കിലും രാഗം ശരീരത്തെയും ആത്മാവിനെയും മുറിപ്പെടുത്തുകയും തളർത്തുകയും ചെയ്യുന്നവെന്ന് ഗുരുവും ശിഷ്യയും വേദനയോടെ തിരിച്ചറിയുന്നു (വാനപ്രസ്ഥം).

പുറത്തറിയിക്കാനാവാതെ നിഗൂഹനം ചെയ്യുന്ന സങ്കടങ്ങളും വികാരങ്ങളും എം.ടിയുടെ കഥാപാത്രങ്ങളെ കൂടുതൽ മുറിവേറ്റവരും ദയനീയരുമാകുന്നു. തങ്ങളുടെ കഴിവിനപ്പുറമുള്ള സാമൂഹികവും വ്യവസ്ഥാപിതവുമായ പ്രതിസന്ധികളുടെ മുമ്പിൽ നിസ്സഹായരായി അവർ നിലകൊള്ളുന്നു. ചുറ്റുപാടുകളുടെ സങ്കീർണതകൾ അവരുടെ നൈസർഗിക ശക്തികളെക്കൂടി നിർവീര്യമാക്കുന്നുണ്ട്. മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങിയുള്ള അന്വേഷണം നടത്തുന്ന എം.ടി. പക്ഷേ, സങ്കീർണമായ സാമൂഹികാവസ്ഥകളുടെ ഇരകൾ അനുഭവിക്കുന്ന ധർമസങ്കടങ്ങൾക്ക് പരിഹാരം കാണാൻ ബദ്ധശ്രദ്ധനൊന്നുമല്ല. ദരിദ്രവും ഉലച്ചിൽ തട്ടിയതുമായ കുടുംബാന്തരീക്ഷത്തിന്റെ സ്വാധീനത അദ്ദേഹത്തെ സന്ദിഗ്ധനും വിഷാദഗ്രസ്തനുമാക്കുന്നു.

## ഗ്രന്ഥസൂചി

എം.ടി. വാസുദേവൻനായർ, അസുരവിത്ത്, ഡി.സി ബുക്സ്, കോട്ടയം, 2016
എം.ടി. വാസുദേവൻനായർ, രണ്ടാമൂഴം, കറന്റ് ബുക്സ് തൃശ്ശൂർ 1984
എം.ടി. വാസുദേവൻനായർ, നാലുകെട്ട്, കറന്റ് ബുക്സ്, തൃശ്ശൂർ 1958
എം.ടി. വാസുദേവൻനായർ, മഞ്ഞ് കറന്റ് ബുക്സ്, തൃശ്ശൂർ 1964
എം.ടി. വാസുദേവൻനായർ, കാഥികന്റെ പണിപ്പുര ഡി.സി ബുക്സ്, കോട്ടയം 1963
എം.ടി. വാസുദേവൻനായർ, കാഥികന്റെ കല, കറന്റ് ബുക്സ് തൃശ്ശൂർ 1984
മുരളി, എം.ടി.യുടെ ഹൃദയത്തിലൂടെ, മെലിൻഡ ബുക്സ് തിരുവനന്തപുരം 2006
ഒരു സംഘം ലേഖകർ, എം.ടിയുടെ സർഗ പ്രപഞ്ചം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം 1997